प्रेस प्रकाशनी പ്രസ്സ് റിലീസ്
भारतीय रिज़र्व बैंक
ഭാരതീയ റിസർവ് ബാങ്ക്
वेबसाइट : www.rbi.org.in/hindi
വെബ്സൈറ്റ് : www.rbi.org.in
ई-मेल/ ഇമെയിൽ : helpdoc@rbi.org.in
**संचार विभाग**, केंद्रीय कार्यालय, शहीद भगत सिंह मार्ग, फोर्ट, मुंबई - 400 001
**ആശയവിനിമയ വകുപ്പ്**, കേന്ദ്ര കാര്യാലയം , ഷാഹിദ് ഭഗത് സിംഗ് മാർഗ് , ഫോർട്ട്, മുംബൈ- 400 001 फोन/ഫോൺ **: 022 - 2266 0502**

ഒക്ടോബർ 07, 2024

# നബപ്പള്ളി കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡിന് ആർബിഐ പിഴ ചുമത്തി

മുൻഗണനാ മേഖല വായ്പ (പിഎസ്എൽ) ലക്ഷ്യം നേടുന്നതിൽ കുറവുണ്ടായതിനാൽ, മൈക്രോ ആൻഡ് സ്മോൾ എന്റർപ്രൈസസ് (എംഎസ്ഇ) റീഫിനാൻസ് ഫണ്ടിലേക്ക് വിഹിതം നൽകുന്നത് സംബന്ധിച്ച് ആർബിഐ പുറപ്പെടുവിച്ച നിർദ്ദിഷ്ട നിർദ്ദേശങ്ങൾ പാലിക്കാത്തതിന്, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർ ബി ഐ), 2024 ഒക്ടോബർ 03 ലെ ഉത്തരവ് പ്രകാരം, നബപ്പള്ളി കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡിന് (പ്രസ്തുത ബാങ്ക്) 1.10 ലക്ഷം രൂപ (ഒരു ലക്ഷത്തി പതിനായിരം രൂപ മാത്രം) പിഴ ചുമത്തിയിരിക്കുന്നു. 1949 ലെ ബാങ്കിംഗ് റെഗുലേഷൻ ആക്ടിലെ സെക്ഷൻ 46(4)(i), 56 എന്നിവയ്ക്കൊപ്പം 47എ(1)(സി) വകുപ്പുകൾ പ്രകാരം ആർബിഐയിൽ നിക്ഷിപ്തമായ അധികാരങ്ങൾ ഉപയോഗിച്ചാണ് ഈ പിഴ ചുമത്തിയിരിക്കുന്നത്.

2022-23 സാമ്പത്തിക വർഷത്തിലെ (FY) പി എസ് എൽ ലക്ഷ്യം കൈവരിക്കുന്നതിലെ കുറവിന് പകരമായി, ചെറുകിട വ്യവസായ വികസന ബാങ്ക് ഓഫ് ഇന്ത്യ (സിഡ്ബി) നിയന്ത്രിക്കുന്ന എം എസ് ഇ റീഫിനാൻസ് ഫണ്ടിലേക്ക് ഒരു നിശ്ചിത തുക നിക്ഷേപിക്കാൻ ആർ ബി ഐ പ്രത്യേകമായി ബാങ്കിനോട് നിർദ്ദേശിച്ചിരുന്നു. നിശ്ചിത തുക നിക്ഷേപിക്കുന്നതിൽ പരാജയപ്പെട്ടതിനെത്തുടർന്ന്, ആവശ്യമായ തുക നിക്ഷേപിക്കാൻ ബാങ്കിനെ ഉപദേശിച്ചുകൊണ്ട് ആർബിഐ ഒരു മുന്നറിയിപ്പ് കത്തും നൽകുകയുണ്ടായി. പക്ഷേ ബാങ്ക് വീണ്ടും അത് നിക്ഷേപിക്കുന്നതിൽ പരാജയപ്പെട്ടു. മുകളിൽ സൂചിപ്പിച്ച നിർദ്ദേശം പാലിക്കാത്തതിന്റെയും അതുമായി ബന്ധപ്പെട്ട കത്തിടപാടുകളുടെയും അടിസ്ഥാനത്തിൽ, നിർദ്ദിഷ്ട നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ പരാജയപ്പെട്ടതിന് പിഴ ചുമത്താതിരിക്കാൻ കാരണം കാണിക്കാൻ ബാങ്കിന് ഒരു നോട്ടീസ് നൽകി.

നോട്ടീസിനുള്ള ബാങ്കിന്റെ മറുപടിയും വ്യക്തിഗത ഹിയറിംഗിനിടെ നൽകിയ വാക്കാലുള്ള നിവേദനങ്ങളും പരിഗണിച്ചതിൽ, മറ്റു കാര്യങ്ങൾക്കൊപ്പം, 2022-23 സാമ്പത്തിക വർഷത്തിലെ പി എസ് എൽ ലക്ഷ്യം കൈവരിക്കുന്നതിലെ കുറവിന് പകരമായി സിഡ്ബി -യിൽ നിലനിർത്തിയിരുന്ന എം എസ് ഇ റീഫിനാൻസ് ഫണ്ടിലേക്ക് നിശ്ചിത തുക നിശ്ചിത സമയത്തിനുള്ളിലോ മുന്നറിയിപ്പ് കത്ത് നൽകിയതിന് ശേഷമോ നിക്ഷേപിക്കുന്നതിൽ ബാങ്ക് പരാജയപ്പെട്ടുവെന്ന കുറ്റം ചാർത്തൽ (ചാർജ്) നിലനിൽക്കുന്നതായി ആർ.ബി.ഐ കണ്ടെത്തുകയും, തന്മൂലം പണപ്പിഴ ചുമത്തൽ നിർബന്ധിതമാവുകയും ചെയ്തു.

ഈ നടപടി നിയമാനുസൃത നിയന്ത്രണങ്ങൾ പാലിക്കുന്നതിലെ പോരായ്മയെ അടിസ്ഥാനമാക്കിയുള്ളതാണ്, അല്ലാതെ പ്രസ്തുത ബാങ്ക് അവരുടെ ഇടപാടുകാരുമായി ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ഇടപാടിന്റെയോ കരാറിന്റെയോ സാധുതയെ ഉദ്ദേശിച്ചുള്ളതല്ല. കൂടാതെ, ഈ പണപ്പിഴ ബാങ്കിനെതിരെ ആർബിഐ സ്വീകരിച്ചേക്കാവുന്ന മറ്റേതെങ്കിലും നടപടികളുടെ മുൻവിധിയായുള്ളതല്ല.

**(പുനീത് പഞ്ചോളി)**
ചീഫ് ജനറൽ മാനേജർ

**പത്രക്കുറിപ്പ് :2024-2025/1235**